പ്രൊഡക്ടസ്'' എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൻമേൽ അനുമതി നൽകിയെന്നറിയുന്നത് ശരിയാണോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

മരച്ചീനിയിൽനിന്നും റെക്റിഫൈഡ് സ്പിരിറ്റ് ഉല്പാദിപ്പിക്കുന്നതിനുള്ള ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് ''ദി ലീഡിംഗ് ലൈറ്റ് ടപ്പിയോക്ക പ്രോഡക്ടസ്'' എന്ന സ്ഥാപനത്തിന് അനുമതി നൽകേണമെന്ന നിർദ്ദേശം പിന്നീട് റദ്ദു ചെയ്യുകയുണ്ടായി.

എയിഡ്സ് രോഗബാധ

* 17 [19] ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർക്കെങ്കിലും എയിഡ്സ് (AIDS) രോഗബാധ ഉള്ളതായി അറിവ് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈയിടെയായി ഇതേ ചൊല്ലിയുണ്ടായ വിവാദം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിന്മേൽ അന്വേഷണം നടത്തിയോ ;

(ഡി) അന്വേഷണത്തിൽനിന്ന് എന്താണ് മനസ്സിലാക്കാൻ കഴിഞ്ഞത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തി.

(ഡി) പരിശോധനയിൽ രോഗിക്ക് എയിഡ്സ് രോഗം ഉള്ളതായി കണ്ടില്ല.

ദീർഘകാല സർവീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം

* 18 [21] ശ്രീ. രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാല സർവീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്ന് ഗവൺമെന്റ് ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രായപരിധി കഴിഞ്ഞ പ്രസ്തുത ജീവനക്കാരെ മാനുഷിക പരിഗണന കൊടുത്ത് സ്ഥിരപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ;

(സി) യുവജനവർഷത്തിൽ സർവീസിലുണ്ടായിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.
(ബി) നിർവാഹമില്ല.
(സി) ഇല്ല.
(ഡി) നിർവാഹമില്ല.

സഹകരണ നിയമത്തിൽ ഭേദഗതി

* 19 [22] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിൽ കാലോചിതമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഉണ്ട്.

(ബി) 1969 ലെ കേരള സഹകരണ നിയമത്തിനു സമഗ്രമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെൻറ് സഹകരണവകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മറിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറി യോഗങ്ങൾ കൂടി സഹകരണനിയമത്തിന് വരുത്തേണ്ടതായ ഭേദഗതികൾ തയ്യാറാക്കിവരുകയാണ്.

മരുന്നു ദൗർലഭ്യം

* 20 [23] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നിന് ദൗർലഭ്യം അനുഭവപ്പെടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) 1985-86 സാമ്പത്തിക വർഷത്തിൽ മരുന്നിന് ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിനുള്ള കണക്കു വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള മരുന്നുകൾ വാങ്ങുവാനുള്ള അധികാരം ജില്ലാ മെഡിക്കൽ ആഫീസർമാർക്കു നൽകിയിട്ടുണ്ട്.

(സി) 1985-86 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ മരുന്നിനു ചിലവായ തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

മരുന്നു വാങ്ങുന്നതിനു വേണ്ടി ഓരോ ജില്ലയ്ക്കും 1985-86 സാമ്പത്തിക വർഷത്തിലേക്ക് അനുവദിച്ചിട്ടുള്ള തുകയുടെ കണക്ക് താഴെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | രൂപ 63 ലക്ഷം |
| കൊല്ലം | ,, 51 ,, |

LIBRARY ARCHIVES Kerala Legislative Assembly